# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *310 | 10.05.2017 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീകളുടെ ഉന്നമനവും സുരക്ഷിതത്വവും** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ.ഡി. പ്രസേനൻ**<br>**ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ.ജെയിംസ് മാത്യു**<br>**,, മുരളി പെരുനെല്ലി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) വികസന പ്രക്രിയയിൽ സ്ത്രീ സമത്വമെന്ന കാഴ്ചപ്പാട് ബജറ്റിൽ ഉൾക്കൊളളിച്ചിരിക്കുന്നത് കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് വനിതാ ക്ഷേമ വകുപ്പ് രൂപീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; | (എ) വനിതാ ക്ഷേമ വകുപ്പ് രൂപീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |
| (ബി) വനിതകളുടെ സാമ്പത്തിക സുരക്ഷിതത്വമില്ലായ്മ പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഏതെല്ലാമാണ്; | (ബി) വനിതകളുടെ സാമ്പത്തിക സുരക്ഷിതത്വമില്ലായ്മ പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെചേർക്കുന്നു<br>1. വിധവാ പുനർവിവാഹ പദ്ധതി (മംഗല്യ)<br>2. ഗാർഹിക പീഡനത്തിനിരയായവർക്കുള്ള ധനസഹായ പദ്ധതി<br>3. ജയിൽ കുറ്റവാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി<br>4. വനിതാ ഗൃഹനാഥകളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി<br>5. മാതൃത്വ ധനസഹായ പദ്ധതി<br>6. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന യോഗ്യരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ സൗകര്യം ലഭ്യമാക്കുകയും തൊഴിലധിഷ്ഠിത പരിശീലനം ലഭിക്കാത്ത വനിതകൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി തൊഴിലെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) സ്ത്രീകൾക്ക് പൊതു സമൂഹത്തിൽ നിർഭയമായും സുരക്ഷിതമായും ജീവിക്കുന്നതിന് | (സി) സ്ത്രീകൾക്ക് പൊതു സമൂഹത്തിൽ നിർഭയമായും സുരക്ഷിതമായും ജീവിക്കുന്നതിന് വേണ്ട സാമൂഹ്യ |

| | |
|---|---|
| വേണ്ട സാമൂഹ്യ സാഹചര്യം സൃഷ്ടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | സാഹചര്യം സൃഷ്ടിക്കുന്നതിന് വിവിധ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവരെ സംയോജിപ്പിച്ച് സാമൂഹ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ, വിഷയത്തെയും നിയമത്തെയും ജീവനക്കാർക്കും ഗുണഭോക്താക്കൾക്കും പരിചയപ്പെടുത്തുന്ന വിവിധ പരിശീലന പരിപാടികൾ എന്നിവ വകുപ്പുതലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ